പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.334 — 28.05.2019 ൽ മറുപടിക്ക്

## നെന്മാറ നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പി.എച്ച്.സി.കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ എലവഞ്ചേരി, വടവന്നൂർ, മുതലമട, അയിലൂർ, പല്ലശ്ശന എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | നിലവിൽ കൊല്ലങ്കോട് കുടുംബാരോഗ്യകേന്ദ്രത്തിൽ ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; | (ബി) | നിലവിൽ കൊല്ലങ്കോട് പി.എച്ച.സി യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ,രണ്ട് സ്റ്റാഫ് നഴ്സ് ,ഒരു ലാബ് ടെക്നീഷ്യൻ,ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട് .അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി രജിസ്ട്രേഷൻ സൗകര്യങ്ങൾ, ആശ്വാസ് ക്ലിനിക്ക്, ഫ്രീ ചെക്കിംഗ് ക്ലിനിക്ക്, ലബോറട്ടറി സൗകര്യം, വൈകിട്ട് 6 മണി വരെ ഒ.പി സേവനങ്ങൾ,രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയാ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നെന്മാറ നിയോജകമണ്ഡലത്തിലെ മറ്റ് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | DPR തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം മുഖേന നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ